**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** — **02-02-2023 - ല്‍ മറുപടിയ്ക്ക്**

**ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാന്‍ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കെ യു ജനീഷ് കുമാര്‍,<br>ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മാനവവിഭവശേഷിയുടെ മികവും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആനുകൂല്യവും പ്രയോജനപ്പെടുത്തിക്കൊണ്ട് ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാന്‍ ആവിഷ്കരിച്ച പദ്ധതിയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്, 2022-23 സാമ്പത്തിക വര്‍ഷം സംരംഭക വര്‍ഷമായി പ്രഖ്യാപിച്ച കൊണ്ട് കേരളത്തില്‍ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങള്‍ പുതുതായി ആരംഭിക്കുന്നതിനുള്ള ഒരു ബൃഹത്തായ 'ഒരു ലക്ഷം സംരംഭങ്ങള്‍' പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി കേരളത്തില്‍ ഒരു ലക്ഷം പുതിയ സംരംഭങ്ങള്‍, 2022 ഏപ്രില്‍ 1 മുതല്‍ ഡിസംബര്‍ 7 വരെയുള്ള 250 ദിവസത്തെ കാലയളവില്‍, രജിസ്റ്റര്‍ ചെയ്തു. 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങള്‍ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85 കോടി രൂപയുടെ നിക്ഷേപവും 273931 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ബഹുമാനപ്പെട്ട ഇന്ത്യന്‍ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയില്‍ ഡല്‍ഹിയില്‍ നടന്ന സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗത്തില്‍ രാജ്യത്തെ “ബെസ്റ്റ് പ്രാക്ടീസ്” ആയി സംരംഭക വര്‍ഷം പദ്ധതി അവതരിപ്പിച്ചിരുന്നു. കൂടാതെ പൊതുഭരണത്തിലെ മികവിനുള്ള പ്രധാനമന്ത്രിയുടെ അവാര്‍ഡിനും സംസ്ഥാനത്തെ “സംരംഭക വര്‍ഷം പദ്ധതി” നിര്‍ദ്ദേശിച്ചുകൊണ്ട് അപേക്ഷ നല്‍കിയിട്ടുണ്ട്. |
| (ബി) | സംരംഭക രംഗത്തെ കുതിപ്പ് സ്ഥായീകരിക്കുന്നതിനും ആരംഭിച്ച സംരംഭങ്ങള്‍ നിലനില്‍ക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പിന്തുണ നല്‍കിവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്; സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട എം.എസ്.എം.ഇ കളുടെ സുസ്ഥിരത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികള്‍ നടപ്പിലാക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നു. എം.എസ്.എം.ഇ-കള്‍ക്ക് കുറഞ്ഞ പലിശയും വായ്പയും മറ്റ് തരത്തിലുള്ള |

ധനസഹായവും ലഭ്യമാക്കുന്നതിനുള്ള പ്രോഗ്രാമുകളും സ്കീമുകളും സൃഷ്ടിക്കുക അവരുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുക പുതിയ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും സഹായിക്കുക; ഇ-കൊമേഴ്സ് പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും, വിപണി ഗവേഷണം സുഗമമാക്കുകയും ചെയ്യുക, ബ്രാൻഡിംഗും മെച്ചപ്പെടുത്തിയ പാക്കേജിംഗും പ്രോത്സാഹിപ്പിച്ചുകൊണ്ട് MSME-യുടെ വിപണന കഴിവുകൾ മെച്ചപ്പെടുത്തുക ബ്രാൻഡിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് ടെക്നോളജി, ഉയർന്നു വരുന്ന വിപണി സാദ്ധ്യതകൾ മുതലായവയിൽ എം എസ് എം ഇ-കൾക്ക് സെക്ടർ സ്പെസിഫിക് പരിശീലനങ്ങൾ നൽകുക; ഗവേഷണ വികസന സ്ഥാപനങ്ങളിൽ വികസിപ്പിക്കുന്ന സാങ്കേതികവിദ്യ എളുപ്പത്തിൽ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു സംവിധാനം സൃഷ്ടിച്ചു കൊണ്ട് എം.എസ് എം ഇ -കളിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് സർക്കാർ ആവിഷ്കരിക്കുന്നത് .

കൂടാതെ സംരംഭക രംഗത്തെ കുതിപ്പ് സ്ഥായീകരിക്കുന്നതിനും ആരംഭിച്ച സംരംഭങ്ങൾ നിലനിൽക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പിന്തുണ നൽകുന്നതിനുമായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1)സംരംഭകത്വ സഹായ പദ്ധതിയിൽ, നിലവിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകൾക്ക് വൈവിധ്യവത്കരണം, ആധുനികവത്കരണം, എന്നിവ നടത്തുന്നതിനുവേണ്ടി വരുന്ന സ്ഥിര നിക്ഷേപം കണക്കാക്കി സബ്സിഡി നൽകുന്നുണ്ട്.

2). നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള സഹായം

3) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ പ്രവർത്തന രഹിതമായ എം.എസ്.എം.ഇ യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന

| | | | |
|---|---|---|---|
| | | | പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും സമ്മർദ്ദമുള്ള (stressed) എം.എസ്.എം.ഇ യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>The Kerala stressed MSMEs Revival & Rehabilitation Scheme<br><br>Revival and rehabilitation scheme for defunct MSMEs and cashew processing units |
| (സി) | കേരള ബ്രാൻഡ് രൂപീകരിച്ച് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിൽ വിശ്വാസ്യത ആർജ്ജിച്ച് സ്ഥായിയായ വിപണി ഉറപ്പാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്;<br><br>തദ്ദേശീയ ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയുള്ള ആഭ്യന്തര സംരംഭങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതാണ് കേരള ബ്രാൻഡിന്റെ ലക്ഷ്യം. കേരളത്തിലെ വ്യാവസായിക ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിൽ വിശ്വാസ്യത ആർജ്ജിച്ച്, തദ്ദേശീയ ഉൽപന്നങ്ങൾക്ക് വിശേഷമായ ഒരു ഐഡന്റിറ്റി സൃഷ്ടിച്ചു കൊണ്ട് ആഗോള വിപണി സാധ്യതകൾ പ്രയോജനപ്പെടുത്താൻ കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തമാക്കുക എന്നതാണ് കേരള ബ്രാൻഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങളെ കണ്ടെത്തിക്കൊണ്ട് ആഗോള വിപണിയിൽ പരിമിതമായ എക്സ്പോഷർ ഉള്ള കേരളത്തിലെ സംരംഭങ്ങളുടെ കയറ്റുമതി പ്രകടനം മെച്ചപ്പെടുത്തുന്നതിനും മറ്റും കേരള ബ്രാൻഡ് കൊണ്ട് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ